മർസിയ്യത്ത് അഥവാ

അനുശോചന കാവ്യം

ഹസ്രത്ത് ഉമർഖാസി(റ) അവർകൾ അന്തരിച്ചതിനുശേഷം സമകാലിക പണ്ഡിതന്മാരും അവിടത്തെ ശിഷ്യന്മാരും അദ്ദേഹത്തെക്കുറിച്ച് അനേകം മർസിയ്യത്തുകൾ (അനുശോചന കാവ്യങ്ങൾ) രചിച്ചിരുന്നു. അവയിൽ പലതും കാലചക്രത്തിന്റെ അതിശീഘ്രതയിലുള്ള തിരിച്ചലിനിടയിൽ വിനഷ്ടമായി. ഇതു ശേഖരിക്കുന്നതിനുള്ള നിരന്തരാന്വേഷണ ഫലമായി പ്രഖ്യാത പണ്ഡിതനും ശ്രദ്ധേയനായ അറബി കവിയുമായിരുന്ന മൗലാനാ അബ്ദുർ റഹ്മാനുബ്നു മുഹമ്മദുൽ മർതൂരി (മരണം ഹിജ്റ 1312-ൽ) അവർകളുടെ വിലപ്പെട്ട മർസിയ്യത്ത് മാത്രമാണ് ലഭിച്ചത്. ജ:എ. പി. മുഹമ്മദലി മൗലവി സാഹിബ് (നെല്ലിക്കുത്ത്) അവർകളുടെ അറബി കാവ്യസമാഹാര ഹസ്തലിഖിതത്തിൽ നിന്നു പകർത്തി. കവിയായ അബ്ദുർ റഹ്മാൻ മുസ്ലിയാർ അവർകൾ മറ്റത്തൂർ മഠത്തിൽ അവറാൻ മുസ്ലിയാർ എന്ന നാമധേയത്തിലത്രെ അറിയപ്പെടുന്നത്. പരപ്പനങ്ങാടി സ്വദേശിയും പ്രഗൽഭ മതപണ്ഡിതനുമായിരുന്ന മൗലാനാ അബൂബക്കർ കോയബ്നുഹിശാം (ഔക്കോയ മുസ്ലിയാർ) അവർകളുടെ ശിഷ്യനായിരുന്നു അബ്ദുർ റഹിമാൻ മുസ്ലിയാർ. അറബി സംഖ്യാ ശാസ്ത്ര (അബ്ജദീ) പ്രകാരമുള്ള അവ്യക്തമായ ചില, കാലനിർണ്ണയങ്ങൾ ഈ കാവ്യത്തിലുണ്ട്. മഹത്തായൊരു സമകാലിക ചരിത്രരേഖ എന്ന പ്രാധാന്യവും ഈ അനുശോചന കാവ്യം അർഹിക്കുന്നു. അറുപത്തേഴ് ഈരടികളാണ് ഈ കാവ്യത്തിലുള്ളത്. കവിതയും ആശയാർത്ഥ വിവർത്തനവും അടിയിൽ

مرثية عمر قاضي

الحمد لله ابتدى في خلقه بالاقتدا

كل الورى من اهتدي ومن شقي مؤبدا

'സന്മാർഗികളും നിർഭാഗ്യവാൻമാരും ഉൾക്കൊള്ളുന്ന മുഴുവൻ മനുഷ്യരെയും യാതൊരു മുൻമാതൃകയെയും അനുകരിക്കാതെ പ്രാരംഭമായി സൃഷ്ടിക്കാൻ ആരംഭിച്ച അല്ലാഹുവിന്ന് ശാശ്വതമായ സ്തുതി.'

سُبْحَانَهُ فَلَهُ الْغِنَى وَاخْتَارَ غَيْرَهُ الْفَنَا
فَلَيْسَ حَيٌّ فِي الدُّنَا بِعَائِشٍ مُخَلَّدَا

'ഇഹലോകത്ത് ഏതൊരു സജീവ വസ്തുവിനും അമരരായി ജീവിക്കാൻ കഴിയാത്ത വിധത്തിൽ എല്ലാറ്റിനും അന്ത്യം (നാശം) നിശ്ചയിക്കുകയും അനന്തരം നിരാശ്രയനായിക്കൊണ്ട് അനശ്വരനായി നിലനിൽക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ പരിശുദ്ധതയെ ഞാൻ പ്രകീർത്തിക്കുന്നു.

لَوْ عَاشَ فِي هَذِي الدُّنَا حَيٌّ بِجَاهٍ عَنِ الْفَنَا
أَوْلَى بِهِ وَأَقْمَنَا كَانَ النَّبِيُّ مُحَمَّدَا

'ഈ ലോകത്ത് വല്ലവനും അനശ്വരനായി ജീവിക്കുവാനർഹനാകുകയാണെങ്കിൽ അത് മുഹമ്മദ് നബി(സ) ആകുമായിരുന്നു.

فَكُلُّ مَوْجُودٍ غَدًا يَفْنَى جَمِيعًا مَا عَدَا
رَبِّي الْكَرِيمِ الْأَوْحَدَا فَلَيْسَ يَفْنَى أَبَدَا

ഖിയാമത്ത് നാളിൽ 'ഏകനും, ആദരണീയനുമായ എന്റെ നാഥൻ ഒഴികെയുള്ള സമസ്തവസ്തുക്കളും നശിക്കുന്നതാണ്; എന്റെ നാഥൻ എന്നെന്നും അനശ്വരനാണ്.'

وَكُلُّ شَيْءٍ هَالِكٌ قَدْ قَالَ رَبِّي الْمَالِكُ
فَإِلَى الْجِنَانِ سَالِكٌ أَوْ فِي جَحِيمٍ خَالِدَا

'(മുഴുവൻ പ്രപഞ്ചത്തിന്റെയും) ഉടമസ്ഥനായ എന്റെ നാഥൻ ഇപ്രകാരം അരുളിയിരിക്കുന്നു.'

'അഖില വസ്തുക്കളും നശിക്കുകയും അനന്തരം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയൊ അല്ലെങ്കിൽ നരകത്തിൽ ശാശ്വതമായി നിവസിക്കുകയോ ചെയ്യുന്നതാണ്."

وَكُلُّ خَلْقٍ خُلِقُوا لِيَوْمِهِمْ وَيَلْحَقُوا
بِمَنْ عَلَيْهِمْ سَابِقٌ مِنْ مُوجِدٍ وَمُنْتَدَا

'എല്ലാ സൃഷ്ടികളും, സമ്പന്നനോ ദരിദ്രനോ ആരായാലും ശരി മരിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരും. അവർക്ക് മുമ്പ് മരിച്ചവരുടെ കൂട്ടത്തിലേക്ക് ഉല്ഗമിക്കുന്നവരുമത്രെ.'

مِنَ الْقُصُورِ نُقِلُوا وَفِي الْقُبُورِ أُدْخِلُوا
مُرْتَهَنًا مَا فَعَلُوا مُعَالِجًا شَدَائِدَا

കൊട്ടാരങ്ങളിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നവരും, ഖബറുകളിൽ പ്രവേശിപ്പിക്കപ്പെടുന്നവും തങ്ങളുടെ കർമ്മങ്ങൾക്ക് പണയവസ്തുവായികൊണ്ടും വിഷമങ്ങൾ അനുഭവിച്ചുകൊണ്ടും കഴിഞ്ഞു കൂടുന്നതാണ്.'

مِنَ الْعَذَابِ الْأَكْبَرِ وَمِنْ نَكِيرٍ مُنْكَرِ
وَكُلْفَةِ التَّحَسُّرِ يَا لَيْتَنِي لَمْ أُولَدَا

'മുൻകർ നകീർ എന്നിവരിൽനിന്നുള്ള ഭയങ്കരമായ ശിക്ഷയും, മോചനത്തിനുള്ള വൈഷമ്യങ്ങളും സഹിച്ചുകൊണ്ട്, ഞാൻ ജനിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനേ' എന്നു അവൻ വിലപിക്കുന്നതാണ്.'

إِذَا أَتَى مِنْهُ الْقَدَرْ مَا عِنْدَنَا إِلَّا الصَّبْرْ
لَا مِنْ قَضَائِهِ مَفَرّْ مَا شَاءَ رَبِّي وُجِدَا

'അവന്റെ (അല്ലാഹുവിന്റെ) വിധി ആസന്നമായാൽ, ക്ഷമ അവലംബിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുവാൻ നമുക്ക് കഴിയുകയില്ല. അവന്റെ വിധിയിൽ നിന്ന് ഓടി രക്ഷപ്പെടാൻ യാതൊരു സ്ഥലവുമില്ല. എന്റെ നാഥൻ ഉദ്ദേശിക്കുന്നത് നടക്കുക തന്നെ ചെയ്യുന്നതാണ്.

وَلَا بُكَاءٌ يَدْفَعُهُ وَلَا عَوِيلٌ يَمْنَعُهُ
وَلَا نَجِيبٌ يَرْفَعُهُ وَلَا مُنِيفٌ مُنْجِدَا

'യാതൊരു തരത്തിലുള്ള വിലാപവും അതിനെ (വിധിയെ) തട്ടിക്കളയുകയുമില്ല. യാതൊരു വിധ നിലവിളിയും അതിനെ തടഞ്ഞു നിർത്തുകയുമില്ല. യാതൊരു ശ്രേഷ്ഠനായ മനുഷ്യനും അതിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയില്ല. യാതൊരു അംബരചുംബിയായ കോട്ടയും, അതിൽ നിന്നും രക്ഷപ്പെടുത്തുന്ന കേന്ദ്രമല്ല തന്നെ.'

فَالِاصْطِبَارُ أَنْفَعُ مَا الِاقْتِدَارُ يَدْفَعُ
وَالِاعْتِذَارُ يَنْفَعُ إِذَا انْتَهَى لَنَا الْمَدَى

'ആകയാൽ നമ്മുടെ അന്ത്യം ആസന്നമായാൽ, വിധി തട്ടിക്കളയാൻ സാധിക്കുകയില്ല; യാതൊരു ഒഴിവ് കഴിവ് സ്വീകരിക്കപ്പെടുകയുമില്ല. ക്ഷമ മാത്രമാണ് പ്രയോജനം.'

يَا فَوْزَ مَنْ أَطَاعَهُ   دُنْيَا وَأُخْرَى بَاعَهُ
وَيْلٌ لِمَنْ نَازَعَهُ   مَوْلَاهُ دَوْمًا سَرْمَدَا

'തന്റെ സംരക്ഷകനായ അല്ലാഹുവിന് ശാശ്വതമായി കീഴ്പ്പെടുകയും, ഇഹലോകവും പരലോകവും (സർവ്വസ്വവും) അവന് വിൽക്കുകയും ചെയ്താൽ എന്തൊരു വിജയം! അവനെ എതിർത്തുകൊണ്ട് ജീവിച്ചവന് വമ്പിച്ച നാശമാണുള്ളത്.

صَلَاةُ رَبِّي الْأَحَدِ   عَلَى النَّبِيِّ أَحْمَدِ
مَعَ السَّلَامِ السَّرْمَدِ   مَا غَابَ شَمْسٌ أَوْ بَدَا

'ഏകനായ എന്റെ നാഥന്റെ ആദര പുരസ്സരമുള്ള അനുഗ്രഹവും ശാശ്വതമായ രക്ഷയും, സൂര്യൻ പ്രത്യക്ഷപ്പെട്ടു സ്ഥിതിചെയ്യുന്ന അവസരത്തിലും അപ്രത്യക്ഷമായി സ്ഥിതിചെയ്യുന്ന അവസരത്തിലും (സദാ സമയവും) മുഹമ്മദ് നബി(സ)യ്ക്കു ലഭിക്കുമാറാകട്ടെ.'

الْيَثْرِبِيِّ الْهَاشِمِي   الْأَبْطَحِيِّ الزَّمْزَمِي
مِنْ خَيْرِ عُرْبٍ عَجَمِ   مُنْجِي الْوَرَى مِنَ الرَّدَى

'ഹാശിം കുടുംബത്തിൽപെട്ടവരും മദീനയിലും മക്കയിലുമായി അധിവസിച്ചവരും, സംസം കിണറിന്നർഹരും, അറബികളും അനറബികളുമായ സർവ്വ ജനങ്ങളിൽ ശ്രേഷ്ഠരും ജനങ്ങളെ നാശത്തിൽ നിന്നും രക്ഷിക്കുന്നവരുമായ (മുഹമ്മദ് നബി(സ) ക്ക്)

وَآلِهِ الْأَفَاضِلِ   وَصَحْبِهِ الْأَعَادِلِ
مَنَابِعِ الْفَضَائِلِ   أَهْلِ الْعَطَايَا وَالنَّدَى

'ദാനധർമ്മങ്ങളുടെയും മഹനീയ സ്വഭാവങ്ങളുടെയും ഉൽഭവകേന്ദ്രങ്ങളും, നീതിമാന്മാരും ശ്രേഷ്ഠരുമായ അവിടുത്തെ സഹചാരികൾക്കും കുടുംബത്തിനും (അല്ലാഹുവിന്റെ അനുഗ്രഹം സദാ ലഭിക്കുമാറാകട്ടെ.)'

وَبَعْدُ فَالَّذِي حَضَرْ   مَرْثِيَةُ الْقَاضِي عُمَرْ
مِنْ دَارِ دُنْيَاهُ عَبَرْ   لِدَارِهِ الْمُخَلَّدَا

'ഐഹിക ഭവനത്തിൽനിന്ന് അനശ്വരമായ പാരത്രിക ഗേഹത്തിലേക്ക് യാത്രയായ ഉമർഖാസി(റ) യെ സംബന്ധിച്ചുള്ള അനുശോചന കാവ്യമാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.'

قاضي البلنكوت اشتهر بابن العلي قد انتشر
أخباره كل القطر فصيته لم يخمدا

'അലിയുടെ മകൻ എന്ന പേരിൽ പ്രസിദ്ധപ്പെട്ടവരും എല്ലാ ഭൂഖണ്ഡങ്ങളിലും സ്ഥിതിഗതികൾ പ്രചരിച്ച് കഴിഞ്ഞിട്ടുള്ളവരുമായ വെളിയങ്കോട് ഖാസിയാണ് (അദ്ദേഹം)'.

من ضحوة من جمعة من شهرنا ذي الحجة
ثالثا بالعدة من بعد عشرين غدا

'ദുൽ ഹജ്ജ് ഇരുപത്തിമൂന്നിന് വെള്ളിയാഴ്ച രാവിലെ സുമാർ പതിനൊന്നു മണിക്ക് (അദ്ദേഹം ദിവംഗതനായി)'

نور البلنكوت انطفى بموت قاضينا انتفى
قابض روح عندنا بأمر من تفردا

'ഏകനായ അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച്, ആത്മാവിന പിടിക്കുന്ന മലക്ക് വന്നു. അവർ ഖാസിയുടെ ആത്മാവിനെ പിടിച്ചു. തന്നിമിത്തം വെളിയങ്കോട്ടെ പ്രകാശം അണഞ്ഞുപോയി.'

أيا بلنكوت فهل فيكم نشاءه مثل
إن قلتم لا لا حصل جوابكم على اهتدا

'ഹേ! വെളിയങ്കോട്!

ഇദ്ദേഹത്തെപ്പോലെയുള്ള വല്ലവരും നിങ്ങളിൽ ഉണ്ടായിട്ടുണ്ടോ? ഇല്ല ഒരിക്കലും ഇല്ല എന്നാണ് നിങ്ങൾ ഉത്തരം പറയുന്നതെങ്കിൽ നിങ്ങളുടെ മറുപടി ശരിയാണ്.

بِضَرْبِ سِتٍّ فِي يَدَا   وَضَرْبِ كُلٍّ فِي عَدَا
وَضَرْبِ لِاثْنَيْنِ عَدَا   سِتٍّ بِسَبْعٍ مَا عَدَا
خَمْسًا قِيَاسَ الْهِجْرَةِ   مُكَمَّلًا مُنْحَصِرَا
جَاءَتْ بِلَا مُغَايِرَةٍ   يَا صَاحِبِي تَعَدَّدَا

'ആറിനെ രണ്ടിൽ ഗുണിച്ചാൽ കിട്ടുന്ന ഗുണനഫലത്തെ എഴുപത്തഞ്ചിൽ ഗുണിക്കുക. (പന്ത്രണ്ടിനെ എഴുപത്തഞ്ചിൽ ഗുണിച്ചാൽ തൊള്ളായിരം കിട്ടും) അമ്പത്തിനാലിനെ ഏഴ് കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന ഗുണനഫലത്തെ (മുന്നൂറ്റി എഴുപത്തെട്ട്) മേൽ കിട്ടിയ ഗുണഫലത്തിൽ (തൊള്ളായിരം) കൂടി കൂട്ടിയാൽ കിട്ടുന്ന തുകയിൽ നിന്ന് (ആയിരത്തി ഇരുന്നൂറ്റി എഴുപത്തെട്ട്) അഞ്ച് കിഴിക്കുകയും ചെയ്യുക. (അപ്പോൾ കിട്ടുന്ന സംഖ്യ ആയിരത്തി ഇരുന്നൂറ്റി എഴുപത്തി മൂന്നായിരിക്കും) ഹിജ്റ 1273-ാം വർഷം പൂർണ്ണമായും ക്ലിപ്തമായും അതിനെ (മരണതിയ്യതിയെ) കണക്കാക്കിയിരിക്കുന്നു. അതിൽ യാതൊരു പരസ്പരവൈരുദ്ധ്യവുമില്ല. സ്നേഹിതാ നീ എണ്ണിക്കൊൾക.' (ഇവിടെ കവി അബ്ജദീ എണ്ണത്തിൽ പ്രത്യേക സാങ്കേതിക പ്രയോഗം മൂലം ഉമർഖാസി(റ)യുടെ മരണതിയ്യതി സൂചിപ്പിച്ചിരിക്കയാണ്. അതായത് ഹിജ്റ 1273 -ൽ ഖാസിയാർ മരണപ്പെട്ടുവെന്നു താൽപ്പര്യം)

شَيْخُ الْهُدَى قَدْ رَاحَ فِي   تَارِيخِهِ بِالْأَحْرُفِ
قُبِضَ عُمَرُ نُخْبَا بَنِي   تَارِيخُهُ مُسَرَّدَا

'സന്മാർഗ്ഗ ഗുരു (ഉമർഖാസി) വിന്റെ മരണ തിയ്യതി ഇവിടെ അബ്ജദീ എണ്ണത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. താളുകളിൽ ആലേഖനം ചെയ്യപ്പെട്ടതാണ് അദ്ദേഹത്തിന്റെ ചരിത്രം.'

(ശൈഖുൽ ഹുദാഖദ്റാഹ് എന്ന വാക്യം അബ്ജദീ അക്കത്തിൽ ഹിജ്റ 1273 നെ വ്യക്തമാക്കുന്നു)

آهٍ لِشَيْخِنَا عُمَرْ   رَاحَ إِلَى رَبِّ الْبَشَرْ
آهٍ فَآهٍ لَا صَبْرَ   عَنْهُ بِحِينٍ أَبَدْ

'ഹാ! ഞങ്ങളുടെ ഗുരുവായ ഉമർ അല്ലാഹുവിന്റെ അടുക്കലേക്ക് യാത്രയായി. ഹാ! ഹാ!! അദ്ദേഹത്തെ സംബന്ധിച്ച് ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയുന്നില്ലല്ലോ.'

وَيْلٌ لَنَا يَا حَسْرَتَا عَمَّتْ لَنَا مُصِيبَتٌ
أَشَدُّ بِهَا بَلِيَّتُنَا بِمَوْتِهِ فَتَى الْهُدَى

'സന്മാർഗ്ഗിയും വിധികർത്താവുമായ അദ്ദേഹത്തിന്റെ മരണം നിമിത്തം ഞങ്ങളെ ബാധിച്ച വിപത്ത് എത്ര ഉഗ്രം! ഞങ്ങളുടെ സങ്കടം എത്ര ഗുരുതരം! ഞങ്ങൽക്ക് സംഭവിച്ച നാശം എത്ര ഗംഭീരം!

يَا شِدَّةَ الْبَلَاءِ شَمِلَ جَمِيعَ خَلْقٍ مُشْتَمِلٌ
بِمَوْتِ قَاضِينَا الْجَلِيلِ وَثُلْمَةٌ بِدِينٍ بَدَا

'മഹാനായ ഞങ്ങളുടെ ഖാസിയുടെ നിര്യാണം നിമിത്തം മുഴുവൻ ജനങ്ങളെയും ബാധിച്ച വിപത്ത് എത്ര കഠിനം! മതത്തിന് നേരിട്ട ആഘാതം എത്ര ഗുരുതരം?'

هُوَ التَّقِيُّ الْعَابِدُ فَضْلًا وَجَاهًا شَامِلٌ
جَمِيعَ عُمْرِهِ بَاذِلٌ فِي طَاعَةٍ تَعَبُّدًا

'അദ്ദേഹം ഭക്തരും, ശ്രേഷ്ഠരും, ഉൽകൃഷ്ടരും, വയസ്സ് മുഴുവൻ അല്ലാഹുവിന് ആരാധന ചെയ്യുന്ന വിഷയത്തിൽ വ്യയം ചെയ്തവരുമത്രെ.'

وَهُوَ الْوَلِيُّ الصَّالِحُ بَحْرُ الْعُلُومِ السَّابِحُ
عَقْلًا وَفَهْمًا رَاجِحٌ كَمِثْلِهِ مَنْ نَجِدَا

'അദ്ദേഹം സദ്വൃത്തരായ ഒരു രക്ഷാകേന്ദ്രവും, വിജ്ഞാന സാഗരത്തിൽ നീന്തിക്കളിക്കുന്നവരും, ബുദ്ധിയും തന്റേടവും മികച്ചവരും ആണ്. അദ്ദേഹത്തെ പോലെ മറ്റാരെയാണ് ഞങ്ങൾക്ക് കാണാൻ സാധിക്കുക?'

الْعَابِدُ السَّامِحُ الْمَاجِدُ الْمُصَافِحُ
كُلَّ الْعِبَادِ النَّاصِحُ مُشَوِّقًا مُهَدِّدًا

അദ്ദേഹം ആരാധനയിൽ മുഴുകിയവരും ജനങ്ങളോട് സഹിഷ്ണുത കാണിക്കുന്നവരും ശ്രേഷ്ഠമായവരും വിട്ടുവീഴ്ച ചെയ്യുന്നവരും, സർവ്വജനങ്ങൽക്കും ഉപദേശം നൽകുന്നവരും അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നവരും പാപം ചെയ്യുന്നതിനെക്കുറിച്ചു മുന്നറിയിപ്പു നൽകി ഭയപ്പെടുത്തുന്നവരുമായിരുന്നു.'

هُوَ المُنِيبُ الأَوَّابُ إِلَى الإِلَهِ التَّائِبُ
عَنْ ذَنْبِهِ مُحَارِبٌ لِنَفْسِهِ مُجَاهِدًا

'അദ്ദേഹം, തന്റെ പാപങ്ങളെ സംബന്ധിച്ച് അല്ലാഹുവിങ്കലേക്കു ഖേദിച്ചു മടങ്ങിയവരും ഒരു യോദ്ധാവായിക്കൊണ്ട് തന്റെ നഫ്സി (ജഢം) നോട് യുദ്ധം ചെയ്തവരുമത്രെ.'

الخَاشِعُ المُتَطَوِّعُ الخَاضِعُ المُتَوَرِّعُ
الخَائِفُ المُتَضَرِّعُ لِوَجْهِ رَبِّ الأَحَدِ

'അദ്ദേഹം ഏകനായ അല്ലാഹുവിന്റെ പ്രീത് ആഗ്രഹിച്ചുകൊണ്ട് ഭക്തിയോടും, വിനയത്തോടും സൂഷ്മതയോടും ഭയത്തോടും കൂടി നിർബ്ബന്ധമായ ആരാധനാ കർമ്മങ്ങൾക്ക് പുറമെ സുന്നത്തായ കർമ്മങ്ങളും കൂടി അനുഷ്ടിച്ചുകൊണ്ട് കീഴ്പ്പെട്ടു ജീവിക്കുന്നവരായിരുന്നു.'

مُشَمِّرٌ فِي طَاعَةِ مَوْلَاهُ كُلَّ الحَالَةِ
فِي صِحَّةٍ وَعِلَّةٍ يَا فَوْزَ مَنْ تَعَبَّدَا

'അദ്ദേഹം, എല്ലാ അവസരങ്ങളിലും, സ്വസ്ഥാവസരത്തിലും രോഗാതുരനായപ്പോഴും തന്റെ യജമാനനായ അല്ലാഹുവിന് കീഴ്പ്പെട്ടു ജീവിക്കുവാനായി അത്യദ്ധ്വാനം ചെയ്തിരുന്നവരാണ്. ആരാധനയിൽ മുഴുകി ജീവിച്ചവൻ വിജയി തന്നെയാണ് നിസ്സംശയം.'

مُضْطَرٌّ مُتَبَتِّلٌ لِرَبِّهِ مُبْتَهِلٌ
فِي أَمْرِهِ مُمْتَثِلٌ عَنْ نَهْيِهِ مُتَجَرِّدًا

അദ്ദേഹം, തന്റെ നാഥന്റെ ആജ്ഞകളനുസരിക്കുകയും, അവൻ വിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുകയും ചെയ്തുകൊണ്ട്, വിനയാന്വിതനും, ക്ഷമാശീലനുമായി കൊണ്ട് അവന് ആരാധന ചെയ്യുന്നതിൽ നിലീനനാകുകയും അവനോട് സവിനയം പ്രാർത്ഥിക്കുകയും ചെയ്തിരുന്നവരായിരുന്നു.'

هُوَ الشَّهِيرُ السَّابِقُ عُلَمَا الزَّمَانِ الفَائِقُ
هُمْ لَبِيبٌ حَاذِقٌ فَيَا لَهُ مُعْتَمَدًا

'ആശ്രിതരേ! (സമൂഹമേ!) അദ്ദേഹം. അക്കാലത്തെ എല്ലാ പണ്ഡിതന്മാരെയും അധഃകരിക്കുന്നവരും മികച്ച് നിന്നവരും ദൃഢമനസ്കനും കൂർമ്മബുദ്ധിയുള്ള പ്രതിഭാധന്യരുമെന്ന നിലയിൽ പ്രഖ്യാതരുമായിരുന്നു.

جَرْفٌ عَظِيمٌ جَامِعٌ عِلْمًا كَثِيرًا قَامِعٌ
مِنَ اللَّعِينِ هَامِعٌ دُمُوعُهُ مَا أَوْجَدَا

'ധാരാളം വിജ്ഞാനം ഉൾക്കൊള്ളുന്നവർ, പിശാചിനെ അടിച്ച മർക്കുന്നവർ, (വിയോഗത്തെക്കുറിച്ച് ഓർമ്മിക്കുമ്പോൾ) കണ്ണുനീർ ഒലിക്കുന്ന വിധം ധാരാളം അവശിഷ്ടങ്ങളുണ്ടാക്കിയ അദ്ദേഹം ഏറ്റവും ലളിതമായ വസ്ത്രമാണ് ധരിച്ചിരുന്നത്.'

مُتَضَرِّعٌ وَقْتَ السَّحَرِ لِرَبِّهِ الْبَارِي الْبَشَرِ
جَوْفَ اللَّيَالِي مُسْتَتِرٌ مُصَلِّيًا تَهَجُّدًا

'അത്താഴസമയത്ത് നിശയുടെ നിശബ്ദതയിൽ ജനങ്ങളുടെ സൃഷ്ടാവായ തന്റെ നാഥന് ഉറക്കമുപേക്ഷിച്ചുകൊണ്ട്, തഹജ്ജുദ് നമസ്കരിച്ചുകൊണ്ട് വിനീതനായി ജീവിച്ചിരുന്ന മഹാത്മാവായിരുന്നു അദ്ദേഹം.'

لِبَيْتِ رَبِّ الْكَعْبَةِ حَجَّ وَحَجَّ الْعُمْرَةِ
سَعْيًا وَزَارَ رَوْضَةَ خَيْرِ النَّبِيِّ مُحَمَّدًا

'അദ്ദേഹം തന്റെ നാഥനായ അല്ലാഹുവിന്റെ ഭവനമായ കഅ്ബ: ലക്ഷ്യം വെച്ചുകൊണ്ട് ഹജ്ജും ഉംറയും നിർവ്വഹിക്കുകയും, നടന്നുകൊണ്ട് പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യുടെ റൗളശരിഫ് സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്.'

وَكَانَ عِنْدَ الرَّوْضَةِ مُنْسَكِبًا لِلْعَبْرَةِ
جَارِيَةً مِنْ مُقْلَةٍ مَدْحَ النَّبِيِّ مُنْشِدًا

'അദ്ദേഹം റൗളാശരീഫിന്റെ അടുക്കൽ നിന്നുകൊണ്ട് കൺതടത്തിൽ നിന്ന് അനിയന്ത്രിതമായി ഒഴുകിയ കണ്ണുനീരോടുകൂടി നബി(സ)യെ പ്രകീർത്തിച്ചിരിക്കുന്നു.'

كَمْ مِنْ عُلُومٍ قَدْ حَوَى وَكَمْ عَلِيمٍ احْتَوَى
مِنْهُ فَنِعْمَ مَا حَوَى مُطَالِعًا مُجْتَهِدًا

'ഗവേഷണം ചെയ്തുകൊണ്ടുള്ള പാരായണം മുഖേന എത്രയെത്ര വിജ്ഞാനമാണ് അദ്ദേഹം സമ്പാദിച്ചിട്ടുള്ളത്? എത്രയെത്ര പണ്ഡിതന്മാരാണ് അദ്ദേഹത്തിൽ നിന്നും വിജ്ഞാനം നേടിയിട്ടുള്ളത്? അദ്ദേഹം സമ്പാദിച്ച വിജ്ഞാനം എത്ര മഹനീയം!

تَصْنِيفَاتُهُ كَثُرْ أَعْدَادُهَا نَظْمًا نَثْرْ
مُؤَلِّفُ نَظْمِ الدُّرَرْ مُمْتَدِحًا مُوَحِّدَا

'ഏകദൈവസിദ്ധാന്തത്തെ സ്തുതിച്ചുകൊണ്ട് 'നഫാഇസുദുറർ' എന്ന കവിതയുടെ കർത്താവായ അദ്ദേഹം രചിച്ച പദ്യവും ഗദ്യവുമായ കൃതികൾ ധാരാളമുണ്ട്.'

مُفَرِّجٌ لِلْقَاصِدِ مُغَاضِبٌ لِلْفَاسِدِ
مُصَنِّفُ الْمَقَاصِدِ مُعَلِّمًا نَهْجَ الْهُدَى

'സന്മാർഗ്ഗം കാണിച്ചുകൊടുക്കുന്ന 'മഖാസിദ' എന്ന കൃതിയുടെ കർത്താവായ ഇദ്ദേഹം നാശകാരികളോടു കോപമുള്ളവരും അദ്ദേഹത്തെ ഉദ്ദേശിച്ചുവരുന്നവരുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നവരും (അവർക്ക്) ആശ്വാസം നൽകുന്നവരുമായിരുന്നു.'

إِذَا سَأَلْتُمْ لِلْوَرَى وَمَنْ رَئِيسُ الشُّعَرَا
فِي ذَا الزَّمَانِ يُخْبِرَا مَنْ صَنَّفَ الْمَقَاصِدَا

'നിങ്ങൾ ജനങ്ങളോട് ആരാണ് ഇക്കാലത്തെ മഹാകവി എന്ന് ചോദിച്ചാൽ നിസംശയം അവർ പറയും' മഖാസിദിന്റെ കർത്താവാണ് എന്ന്'

كَمْ مِنْ وَظَائِفَ دَعَا ذِكْرًا وَتَسْبِيحًا دُعَا
وِرْدًا وَتَهْلِيلًا رَعَا حَتَّى يَمُوتَ نَبِيدَا

'എത്രയെത്ര പദവികളും സ്ഥാനമാനങ്ങളുമാണ് അദ്ദേഹത്തെ ക്ഷണിച്ചിരുന്നത്?' മരിക്കുന്നതുവരെ, എത്രയെത്ര പ്രാർത്ഥനകളും, സ്തുതികീർത്തനങ്ങളുമാണ് അദ്ദേഹം പതിവായി ചെയ്തിരുന്നത്.'

كَمْ مُشْكِلَاتٍ صَرَّحَا وَمُبْهَمَاتٍ وَضَّحَا
لِلسَّائِلِينَ مُفْلِحًا لَهُ فَنِعْمَ الْمُقْتَدَا

'അന്വേഷിച്ചുവരുന്നവർക്ക്, എത്രയെത്ര വിഷമപ്രശ്നങ്ങളും അവ്യക്തമായ കാര്യങ്ങളുമാണ് അദ്ദേഹം ഉത്തമമായ നിലയിൽ വിശദീകരിക്കുകയും വ്യക്തമാക്കികൊടുക്കുകയും ചെയ്തിട്ടുള്ളത്! ഹാ! അദ്ദേഹം എത്ര നല്ല ഒരു നേതാവ്'

كَمْ كَرَامَاتٍ بَدَتْ وَكَمْ عَجَائِبُ أَتَتْ
غَيْثٌ لَنَا قَدْ سُقِيتُ بِسَيِّدِي عَيْنِ الْهُدَى

'സന്മാർഗ്ഗോൽഭവ കേന്ദ്രമായ ഇദ്ദേഹം മുഖേന എത്രയെത്ര അത്ഭുത സിദ്ധികളാണ് വെളിവായിട്ടുള്ളത്? അത്ഭുതകരമായ നിലക്കു എത്ര പ്രാവശ്യമാണ് ഞങ്ങൾക്ക് മഴ ലഭിച്ചിട്ടുള്ളത്.

أَمَا سَمِعْتُمْ مَا جَرَى مِنْ خَبَرِهِ كَمَا أَرَى
هِلَالُ الْمَلَا بُرًا فَبَانَ حَقًّا وَجِدًّا

'അദ്ദേഹത്തിന്റെ വാർത്തയിൽ നിന്നു പൊന്നാനിയിൽ ചന്ദ്രോദയം സംബന്ധിച്ച് നടന്നതും സത്യസന്ധമായി പുലർന്നതുമായ സംഭവം നിങ്ങൾ ശ്രവിച്ചിട്ടില്ലേ! മുസ്ല്യാക്കന്മാർക്ക് അദ്ദേഹം ചന്ദ്രോദയം കാണിച്ചുകൊടുത്തു'.

كَمْ فِيهِ مِنْ مَحَامِدَا مَا قُمْتُ بِالتَّعَدُّدِ
بِأَسْرِهَا لَا تَبْتَدِي مُكْتَفِيًا بِالِابْتِدَا

'എത്രയോ സ്തുത്യർഹമായ കാര്യങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചു പറയാനുണ്ട്. അതു മുഴുവൻ ഞാൻ എണ്ണിപ്പറയുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ട് മതിയാക്കുകയാണ്.'

فَالِاقْتِصَارُ أَيْسَرُ وَالِاعْتِذَارُ يُشْعِرُ
بِأَنَّهَا لَا تُحْصَرُ بِذِكْرِهَا تَعَدُّدًا

'സംക്ഷിപ്തമായി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കലാണ് സൗകര്യം. കാരണം, അത് എണ്ണി ക്ലിപ്തപ്പെടുത്തുവാൻ കഴിയുകയില്ല എന്ന കാര്യം വ്യക്തമാണ്.'

كَمْ مِثْلُهُ فِي حَقِّهِ أَتَانَا بِصِدْقِهِ
يَا مَنْ رَجَا فِي عِشْقِهِ قُولُوا لَهُ بُدًّا

‘അദ്ദേഹത്തെ സംബന്ധിച്ച് ഇതുപോലെയുള്ള എത്രയെത്ര സംഭവങ്ങളാണ് സത്യമായി പുലർന്നിട്ടുള്ളത്? അദ്ദേഹത്തെ ഹൃദയംഗമായി സ്നേഹിക്കുന്നവരേ! അദ്ദേഹത്തിന്റെ ഇത്തരം അത്ഭുതസിദ്ധികൾ നിങ്ങൾ പ്രഖ്യാപിക്കുവിൻ.’

إِنِ اقْتَصَرْتُ هُهُنَا بِذِكْرِ مَا قَدْ بَيَّنَا
تَرَكْتُ بَاقِيهَا أَنَا تَمَلُّهَا إِنْ عُدِّدَا

‘മുഴുവൻ എണ്ണിപ്പറഞ്ഞാൽ മടുത്തുപോകും എന്ന് വിചാരിച്ചുകൊണ്ട് ഇത്രയും സംസാരിച്ചുകൊണ്ട് ഞാൻ ചുരുക്കുകയാണ്.’

إِنْتَقَلَ الْقَاضِي عُمَرْ إِذَا أَتَى لَهُ الْقَدَرْ
إِلَى رِضَا الْقَدِيرْ فَاسْتَرْجِعُوا يَا مُرْشِدِي

അലംഘനീയമായ വിധി (മരണം) ആസന്നമായപ്പോൾ ഉമർഖാസി(റ) സർവ്വശക്തനായ അല്ലാഹുവിന്റെ സംതൃപ്തിയിലേക്ക് നീങ്ങി. അതുകൊണ്ട് സത്യവിശ്വാസികളേ! നിങ്ങളെല്ലാം ഇന്നാലില്ലാഹി വ ഇന്നാഇലൈഹിറാജിഊൻ എന്ന് പറഞ്ഞുകൊള്ളുക.’ (നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവനിലേക്ക് മടങ്ങുന്നവരുമാണ് എന്നർത്ഥം).

إِذْ ذَاكَ عُمْرُهُ خَلَا ضِعْفَيْ ثَلَاثِينَ عَلَى
قَوْلٍ وَقِيلَ مَا خَلَا أَرْبَعَةً فَصَاعِدَا

‘ആ സന്ദർഭത്തിൽ അദ്ദേഹത്തിന് ഒരഭിപ്രായമനുസരിച്ച് 60 വയസ്സ് പ്രായമുണ്ട്. മറ്റൊരഭിപ്രായത്തിൽ 56 വയസ്സ് എന്നും പറയപ്പെട്ടിരിക്കുന്നു.’

يُرْضِيهِ رَبِّي دَائِمًا تَارِيخُ مَاوِهَا وَمُرْ
أَرِّخْ ضِيَاءٌ كَاتِمٌ بِغَيْبِهِ ذَرِّ الْهُدَى

‘എന്റെ നാഥൻ അദ്ദേഹത്തിന് ശാശ്വതമായി സംതൃപ്തി നൽകുമാറാകട്ടെ. വരൂ! സംഭവ ബഹുലമായ വിവരങ്ങളുൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ മരണതിയ്യതി നിർണ്ണയിച്ചുകൊള്ളുക അദ്ദേഹം ഒരു പ്രകാശമായിരുന്നു. സന്മാർഗ്ഗത്തിന്റെ രത്നമായ അദ്ദേഹത്തിന്റെ വേർപാട് കൊണ്ടു ആ പ്രകാശം പൊലിഞ്ഞിരിക്കുന്നു.” (ളിയാഉൻ കാത്തിമും എന്ന വാക്യം ഹിജ്റ : 1273 നെ അനുസ്മരിപ്പിക്കുന്നു. അബ്ജദി എണ്ണത്തിൽ)

وَاجْتَمَعَ الْخَلَائِقُ فِي بَيْتِهِ وَاحْدَقُوا
جَاؤُوا بُكِيًّا شَاهِقٌ لِمَا لِقَاضِيهِمْ بَدَا

‘ജനങ്ങൾ കരഞ്ഞുകൊണ്ട് വന്നു! അദ്ദേഹത്തിന്റെ വസതിയിൽ തടിച്ചുകൂടി അവരുടെ ഖാസിയുടെ മരണത്തിൽ ദീർഘശ്വാസം വിടുകയും തേങ്ങിക്കരയുകയും ചെയ്തു.’

رَبِّي حَمَا ذَاكَ الْقَبْرَ قَبْرَ الْمَلَكُوتِ عُمَرْ
مِنْ كُلِّ آفَاتٍ ضَرَرْ وَكُلِّ مَا تَرَصَّدَا

‘എന്റെ നാഥൻ പ്രസ്തുത ഖബറിനെ അഥവാ വെളിയങ്കോടു ഉമർഖാസി(റ) യുടെ ഖബറിനെ ഉപദ്രവകരവും, ഭയാനകവുമായ എല്ലാ നാശങ്ങളിൽ നിന്നും കാത്തുസൂക്ഷിക്കുമാറാകട്ടെ.’

وَافْسَحْ مَضِيقَ رَمْسِهِ رَبِّ اجْعَلَنْ مِنْ أُنْسِهِ
حُورًا وَمِنْ أَنِيسِهِ مُنَعَّمًا وَمُرْفَدَا

‘നാഥാ! അദ്ദേഹത്തിന്റെ ഖബറിന്റെ ഇടുക്കും നീ വിശാലമാക്കിക്കൊടുക്കുക. അദ്ദേഹത്തിന്, അനുഗ്രഹവും സുഖജീവിതവും ലഭിക്കുവാനായി, ആനന്ദവും ഉന്മേഷവും നൽകുന്ന സ്വർഗ്ഗ കന്യകകളെ നീ നൽകുകയു ചെയ്യേണമേ!’

مَسْجِدُ فَنَّانَ غَدَتْ تَشْكُو لِمَا مِنْهُ سَرَتْ
مَلَائِرُ قَدْ غَمَرَتْ جَنَازَةً لِتَشْهَدَا

‘അദ്ദേഹത്തിന്റെ ജനാസ സംസ്ക്കരണത്തിൽ സംബന്ധിക്കുവാനായി എത്തിച്ചേർന്ന ജനസമൂഹത്തെകൊണ്ട് പള്ളി നിബിഡമായി. പൊന്നാനി പള്ളി കൂടി വിലപിച്ചു.

فَغَسَّلُوهُ وَكَفَّنُوا قُبَيْلَ خُطْبَةٍ دُفِنْ
فِي قَبْرِهِ قَدْ زُيِّنَ بِأَمْرِ مَنْ تَوَحَّدَا

‘അവർ അദ്ദേഹത്തെ കുളിപ്പിക്കുകയും, കഫൻ ചെയ്യുകയും ഏകനായ അല്ലാഹുവിന്റെ ആജ്ഞക്ക് പണയം വെക്കപ്പെട്ട നിലയിൽ, (ജുമുഅ) ഖുതുബക്ക് അല്പം മുമ്പായി അദ്ദേഹം ഖബറിൽ മറവു ചെയ്യപ്പെടുകയും ചെയ്തു.

رَبِّي جَزَاهُ وَلِمَنْ قَبْلُ مَضَوْا مِنَ الزَّمَنْ
وَمَنْ بِهِ قَدِ اقْتَرَنْ مِمَّنْ لَنَا بِهِ اهْتَدَى

'നാഥാ! അദ്ദേഹത്തിനും, അദ്ദേഹത്തിന് മുമ്പ് മരിച്ചുപോയവർക്കും അദ്ദേഹം മുഖേനെ സന്മാർഗ്ഗം പ്രാപിക്കുകയും അദ്ദേഹത്തിൽ ബന്ധപ്പെട്ടു ജീവിക്കുകയും ചെയ്തവർക്കും നീ പ്രതിഫലം നൽകേണമേ"!

غُفْرَانَكَ اللَّهُمَّ جُدْ لِعَبْدِ رَحْمٰنٍ فَرْدْ
لَكِنَّهُ الْهَوِي عَبْدٌ مُعْتَدِيًا مُتَمَرِّدًا

'അല്ലാഹുവേ! തെറ്റു കുറ്റങ്ങളും പാവങ്ങളുമുള്ളവനാണെങ്കിലും (ഈ കവിതയുടെ കർത്താവായ അബ്ദുൽ റഹ്മാന്ന് നീ പൊറുത്തു തരികയും നിന്റെ അനുഗ്രഹം ഔദാര്യമായി വർദ്ധിച്ചിരിക്കുകയും ചെയ്യേണമേ.'

وَاجْعَلْ إِلٰهِي الْقَبْرَا رَوْضَ الْجِنَانِ الْفَاخِرَةْ
لَا تَجْعَلَنَّ الْحُفْرَةَ مِنَ الْجَحِيمِ الْمُوقَدَةْ

'അല്ലാഹുവേ! അദ്ദേഹത്തിന്റെ ഖബറിനെ നീ ഉന്നതമായ ഒരു പൂങ്കാവനമാക്കേണമേ! നീ ഒരിക്കലും അതിനെ നരകുണ്ഠത്തിൽ നിന്നുള്ള ഒരു ഗർത്തമാക്കാതാരിക്കേണമേ.'

رَبِّي تُكَثِّرُ الْأَجْرَ أُسْتَاذُنَا الْقَاضِي عُمَرْ
وَمِنْ ذُنُوبِهِ غَفَرْ فَاللّٰهُ يَحْمِيهِ الرَّدَى

എന്റെ നാഥാ ഞങ്ങളുടെ ഗുരുനാഥനായ ഖാസി ഉമറിന്ന് നീ പ്രതിഫലം വർദ്ധിപ്പിച്ചു കൊടുക്കുക. അദ്ദേഹത്തിന്റെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യേണമേ. അല്ലാഹു എല്ലാവിധ നാശങ്ങളിൽ നിന്നും അദ്ദേഹത്തെ സംരക്ഷിക്കുമാറാകട്ടെ.'

يَا مُنْشِدِينَ نَظْمِي فَاسْتَغْفِرُنَّ لِلنَّاظِمِ
لِرَبِّنَا ذِي الْعِظَمِ مُخْتَتَمًا وَمُبْتَدَا

'എന്റെ കവിത ആലപിക്കുന്നവരേ! നിങ്ങളോരോരുത്തരും ഇതിന്റെ കർത്താവിന്റെ പാപമോചനത്തിനായി മഹാനായ അല്ലാഹുവിനോട് ആദ്യാവസാനം പ്രാർത്ഥിക്കണം.'

عَبْدٌ ضَعِيفٌ ذُو اجْتِرَامٍ وَذُو الْكَبَائِرِ الْعِظَامِ
تِلْمِيذُ شَيْخِ ابْنِ هِشَامٍ أَرْجُو بِهِ رَبِّي اقْتِدَا

'അദ്ദേഹം, ധാരാളം കുറ്റങ്ങളും കുറവുകളുമുള്ള ഒരു ദുർബ്ബലനായ പാവവും, മഹാനായ ശൈഖ് ഇബ്നുഹിശാമിന്റെ ശിഷ്യനും ആണ്. അദ്ദേഹം മുഖേനെ ജനങ്ങൾക്ക് സന്മാർഗ്ഗം ലഭിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.'

وَبِالَّذِي مَدَحْتُهُ بِمَا الَّذِي جَمَعْتُهُ
وَكُلِّ مَنْ عَرَفْتُهُ مِنْ أَهْلِ خَيْرٍ وَالْهُدَى

'ഞാൻ അദ്ദേഹത്തെ സംബന്ധിച്ച് രചിച്ച സ്തുതിഗീതങ്ങൾ മുഖേനയും അദ്ദേഹത്തിന്റെ വിവരങ്ങളിൽ നിന്നും ഞാൻ ക്രോഡീകരിച്ച കാര്യങ്ങൾ മുഖേനയും സന്മാർഗ്ഗികളും, നന്മയുടെ വക്താക്കളുമായ ഞാൻ അറിയുന്ന എല്ലാവരും മുഖേനെയും (ഞാൻ സന്മാർഗ്ഗം ലഭിക്കലിനെ ആഗ്രഹിക്കുന്നു).

إِنِّي عُبَيْدٌ مُحْتَقَرْ رَثَيْتُ بِالْقَاضِي عُمَرْ
أَرْجُو ثَوَابَ الْمُقْتَدِرْ يَوْمَ الْخَسَارَةِ وَالرَّدَى

'നിശ്ചയമായും വിനീതനായ ഞാൻ ഉമർഖാസി(റ) യുടെ പേരിൽ അനുശോചന കാവ്യം രചിച്ചിരിക്കുകയാണ്. ഇതു മുഖേനെ, പാരത്രീക ജീവിതത്തിൽ, സർവ്വശക്തനായ അല്ലാഹുവിന്റെ പ്രതിഫലം ഞാൻ ആഗ്രഹിക്കുന്നു.

عَاصٍ مُصِرٌّ مُجْتَرِي جَانٍ حَقِيرٌ مُشْتَرِي
دُنْيَا وَأُخْرَاهُ اشْتَرِي رَبِّ اهْدِنِي إِلَى الْهُدَى

നാഥാ സ്ഥിരമായി പാപം ചെയ്തു കൊണ്ടിരിക്കുന്നവനും നിസ്സാരനും അക്രമിയും ഇഹലോകത്തിന് വേണ്ടി പരലോകത്തെ വിൽക്കുന്നവനുമായ എന്നെ നീ സന്മാർഗ്ഗത്തിലാക്കേണമേ!

رَبِّ اسْتَجِبْ دُعَاءَنَا آمِينَ يَا إِلٰهَنَا
بِحَقِّ مَنْ قَدْ جَاءَنَا بِدِينِ حَقٍّ وَالْهُدَى

'നാഥാ! സത്യദീനും സന്മാർഗ്ഗവും കൊണ്ട് ഞങ്ങളുടെ അടുക്കൽ അവതരിച്ച നബി(സ)യുടെ ഹഖ്കൊണ്ട് ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേണമേ!

خَتَمْتُ نَظْمِي وَكَمُلْ وَإِنَّنِي لَسْتُ الأَهْلْ

قَضَاءُ رَبِّي فِي الأَزَلْ سُبْحَانَهُ تَمَجَّدَا

'ഈ കവിത ഞാൻ അവസാനിപ്പിക്കുന്നു. ഇത് പൂർത്തിയായിട്ടുണ്ട്. മഹാനും, പരിശുദ്ധനുമായ എന്റെ നാഥന്റെ അനാദ്യവും അനന്തവുമായ വിധിയുടെ ഫലമായിട്ടാണ് ഞാൻ ഇത് ചെയ്തത് സത്യസന്ധിതിക്ക് ഞാൻ ഇതിന്നർഹനല്ല.'

عَلَى النَّبِيِّ الْمُصْطَفَى صَلَّى الإِلَهُ وَشَرَّفَا

وَآلِهِ الْمُوفِي الْوَفَا وَصَحْبِهِ مَنِ اقْتَدَى

'അല്ലാഹു ഇഷ്ടദാസനായി തിരഞ്ഞെടുത്ത നബി(സ)ക്കു ബാധ്യതകൾ പൂർണ്ണമായും നിർവ്വഹിച്ച അവിടുത്തെ കുടുംബങ്ങൾക്കും സന്മാർഗ്ഗം പ്രാപിച്ച അവിടുത്തെ അനുചരന്മാർക്കും (അല്ലാഹു) അനുഗ്രഹവും മഹത്വവും നൽകുമാറാകട്ടെ.'

ഹിജ്റ 1266 റജബ് 4-ാന് ആദരണീയരായ കോഴിക്കോട് മുഹ്യി ദ്ദീൻ ഖാസി അവർകൾ അന്തരിച്ചു. ആ വാർത്ത അറിഞ്ഞപ്പോൾ ബഹു മാന്യരായ ഉമർഖാസി(റ) അവിടത്തെ ആ ആത്മസുഹൃത്തിനെക്കുറിച്ചു

ഒരു അനുശോചനകാവ്യം രചിച്ചു. അദ്ദേഹത്തിന്റെ സന്തികൾക്കയച്ചുകൊടുത്തിരുന്നു ആ 'മർസിയ്യത്ത്' കോഴിക്കോട് തെക്കുംതല ജുമുഅത്ത് പള്ളിയുടെ ഭിത്തിയിൽ കലാവിരുതോടുകൂടി ഒരു വ്യക്തി എഴുതിവെച്ചു അടിക്കടി വെള്ളവലിച്ചിരുന്നത് നിമിത്തം ആ കവിത ഇപ്പോൾ ദൃഷ്ടിയയിലപ്പെടുന്നില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പ് പള്ളിയിലെ ചുമർ വടിച്ചുനീക്കിയപ്പോൾ ആ കവിത പ്രത്യക്ഷമായി. പുതിയ വെള്ളവലിക്കുന്നതിനു മുമ്പുതന്നെ അറബി സാഹിത്യകുശലനും പണ്ഡിതനേതാവുമായ മൗലാനാ സയ്യിദ് അഹ്മദു ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ (കോഴിക്കോട് വലിയ ഖാസി) അവർകൾകൾ ആ പദ്യം പകർത്തി എഴുതി. അദ്ദേഹത്തിൽ നിന്നാണ് ചരിത്രപ്രസിദ്ധമായ ഈ ചുമർകാവ്യം ലഭിച്ചത്.

اَلْحَمْدُ لِلّٰهِ حَمْدًا يَدْفَعُ الضَّرَرَا   يُولِي الْمَزِيدَ مَعَ الْحُسْنَىٰ لِمَنْ صَبَرَا

(1) 'ക്ഷമാശീലനു കൂടുതൽ നന്മ ചെയ്യുകയും (അവൻ) വിപത്തുകളെ ചെയ്യട്ടെ എന്ന അഭിനിവേശത്തോടുകൂടി (ഞാനിതാ) അല്ലാഹുവിനെ സ്തുതിക്കുന്നു'.

سُبْحَانَهُ الدَّائِمُ الْقَيُّومُ دُونَ فَنَا   مَوْتًا حَيَاةً قَضَىٰ فِينَا لِيَخْتَبِرَا

(2) 'യാതോരുവിധ നാശത്തെയും അഭിമുഖീകരിക്കാതെ ശാശ്വതനായി നിലകൊള്ളുകയും നമ്മെ പരീക്ഷിക്കുവാൻവേണ്ടി ജീവിതവും മരണവും സൃഷ്ടിക്കുകയും ചെയ്ത അല്ലാഹുവിന്റെ പരിശുദ്ധതയെ ഞാനിതാ പ്രകീർത്തനം ചെയ്യുന്നു.'

مَنْ أَحْسَنُ النَّاسِ إِخْلَاصًا لِطَاعَتِهِ   وَمَنْ غَفُولٌ إِلَىٰ أَنْ مَوْتِهِ انْحَدَرَا

(3) 'ആരാണ് ഏറ്റവും ആത്മാർത്ഥമായി അല്ലാഹുവിനെ അനുസരിക്കുന്നവർ എന്നും ആരാണ് അശ്രദ്ധനായി തരം താഴുന്നതെന്നും പരീക്ഷിക്കുവാൻ വേണ്ടി (ജീവിതവും) മരണവും സൃഷ്ടിച്ചവനെ ഞാൻ പ്രകീർത്തിക്കുന്നു.

أزكى الصلاة مع التسليم تترى على ... محمد المصطفى المختار من مضرا

(4) 'മുളർ ഗോത്രക്കാരിൽ നിന്നും നിയോഗിക്കപ്പെട്ട മുഹമ്മദ് മുസ്തഫാ (സ)യുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും ശാന്തിയും ലബ്ധമാകട്ടെ.

والآل والصحب ثم الموت باب لقا ... ربي فكن للقاء الله منتظرا

(5) 'അവിടത്തെ കുടുംബത്തിനും അനുയായി വൃന്ദത്തിനും (അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ ലഭിക്കുമാറാകട്ടെ). പിന്നീട് (ഉറക്കെ ചിന്തിക്കുക) മരണം എന്റെ നാഥനായ അല്ലാഹുവിനെ കണ്ടുമുട്ടുവാനുള്ളൊരു കവാടമാണ്. അതിനാൽ നീ അല്ലാഹുവിനെ (മരണം മുഖേനെ) കാണുന്നതിനെ പ്രതീക്ഷിക്കുക'.

توفي العالم القاضي الذي اشتهرا ... قاضي الكالكوت محيي الدين محتضرا

(6) 'കോഴിക്കോട് ഖാസി എന്ന നാമധേയത്തിൽ പ്രഖ്യാതനും മഹാപണ്ഡിതനുമായിരുന്ന ഖാസി മുഹ്‌യിദ്ദീൻ അവർകൾ നിര്യാതനായി'.

أتاه صلاة صباح يوم جمعتنا ... في رابع الرجب المبارك ابتكرا

(7) 'അനുഗ്രഹീതമായ റജബ് മാസം 4-ാന് വെള്ളിയാഴ്ച പ്രഭാതനമസ്ക്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ (അത് സംഭവിച്ചു)'

في سنة ست وستين مع المائتين ... والألف من هجرة الموته حصرا

(8) 'ഹിജ്റ വർഷം 1266-ൽ ആണ് ദുഃഖകരമായ അദ്ദേഹത്തിന്റെ മരണം സംഭവിച്ചത്'.

العالم الفاضل المشهور عمدتنا ... مرفوع مقدار محمودة سيرا

(9) 'ഞങ്ങളുടെ അവലംബവും സുപ്രസിദ്ധ പണ്ഡിത ശ്രേഷ്ഠനും സ്തുത്യർഹമായ ചര്യ അംഗീകരിച്ചവരുമായ (ഖാസി മുഹ്‌യിദ്ദീൻ അവർകൾ.')

عَنْ سُوءِ خُلْقٍ حَمَاهُ اللهُ كَالْحَسَدِ   عُجْبٍ رِيَاءٍ وَكِبْرٍ يُهْلِكُ الْبَشَرَا

(10) 'മനുഷ്യനെ നശിപ്പിക്കുന്ന അഹങ്കാരം, പ്രദർശനം, മഹത്വം നടിക്കൽ, അസൂയ എന്നിങ്ങനെയുള്ള എല്ലാ ദുസ്വഭാവങ്ങളിൽ നിന്നും അല്ലാഹു അദ്ദേഹത്തെ സംരക്ഷിച്ചിരുന്നു.

بِحُسْنِ خُلْقٍ صَدِيقِي ذُو ارْتِدَاءٍ كَمَا   بِصَالِحِ الْعَمَلِ التَّقْوَى قَدِ ائْتَسَرَا

(11) 'എന്റെ സ്നേഹിതൻ അല്ലാഹുവിന്റെ ഭയത്തിൽ നിന്നും ലബ്ധമായ സദ്വൃത്തിയാകുന്ന അര ഉടുപ്പ് ധരിച്ചിരുന്നത്പോലെത്തന്നെ സൽസ്വഭാവമാകുന്ന മുണ്ടും ഉത്തരീയവും (അദ്ദേഹം) ധരിച്ചിരുന്നു.'

اللهُ يَكْلَأْهُ اللهُ يَرْحَمُهُ   فَيَمْنَ رَحْمَتِهِ فِي قَبْرِهِ انْهَمَرَا

(12) 'അല്ലാഹു. അദ്ദേഹത്തെ സംരക്ഷിക്കുകയും അദ്ദേഹത്തിനു കരുണ ചെയ്യുകയും ചെയ്യട്ടെ. അല്ലാഹുവിന്റെ കാരുണ്യ(മാരി) അദ്ദേഹത്തിന്റെ ഖബ്റിൽ ശക്തിമത്തായ നിലയിൽ വർഷിച്ചുകൊണ്ടിരിക്കട്ടെ.'

عَنِّي وَعَنْهُ عَفَى الرَّحْمٰنُ خَالِقُنَا   مِنْ كُلِّ سُوءٍ بَدَا جَهْرًا أَوِ اسْتَتَرَا

(13) 'നമ്മുടെ സൃഷ്ടാവും പരമകാരുണ്യകനുമായ അല്ലാഹു എനിക്കും അദ്ദേഹത്തിനും രഹസ്യവും പരസ്യവുമായ എല്ലാ പാപങ്ങളും പൊറുത്ത് തരുമാറാകട്ടെ.'

بُشْرَى فَقُلْ بُشْرَى صَاحَ تَارِيخُهُ   يَا نِعْمَ حَبْرٍ إِلَى جَنَّاتِ زُلْفَى جَرَى

(14) 'സ്വർഗ്ഗത്തിലേക്ക് പ്രയാണം ചെയ്ത ഉത്തമരായ പണ്ഡിതരെ! സന്തോഷവാർത്ത അറീക്കുന്ന കോകിലം ആ ചരിത്ര(ദിന)ത്തെ വിളംബരം ചെയ്തിരിക്കുന്നു.

عَفْوًا وَصَفْحًا وَرِضْوَانًا وَمَغْفِرَةً   عَنْ كُلِّنَا رَبَّنَا يَا خَيْرَ مَنْ غَفَرَا

(15) ‘ഏറ്റവും നന്നായി പാപം പൊറുക്കുന്നവനായ അല്ലാഹുവെ! ഞങ്ങൾക്കെല്ലാം നീ പാപമോചനവും നിന്റെ സംതൃപ്തിയും നൽകുകയും മാപ്പും വിട്ടുവീഴ്ചയും ചെയ്തുതരികയും ചെയ്യേണമേ.’

عَلَى الْحَبِيبِ فِي الْكَائِنَاتِ قَاضِيهَا   سَلَامُ قَاضٍ يُسَمِّيهِ الْوَرَى عُمَرَا

(16) ‘അല്ലയോ കോഴിക്കോട്ടെ (പുതിയ) ഖാസി അവർകളെ! താങ്കൾക്കിതാ ഉമർ എന്നു പേരായ ഖാസി അഭിവാദ്യമർപ്പിക്കുന്നു.’

الْحَمْدُ لِلّٰهِ حَمْدًا دَامَ صَلِّ عَلَى   طٰهَ النَّبِيِّ مَعْ وَسَلِّمًا ذِكْرَا

(17) ‘അഖില സ്തുതികീർത്തനവും അല്ലാഹുവിനാണ്. സ്മരണനീയമായ ഉത്തമവചനത്തിൽ ന്നെ ത്വാഹയായ തിരുനബി(സ) ന് അനുഗ്രഹവും ശാന്തിയും ആശംസിക്കുന്നു.’